**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2732** | **27-01-2014-ൽ മറുപടിക്ക്**

**കണ്ണിമംഗലം-പാണ്ടുപാറ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജോസ് തെറ്റയിൽ. | | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജില്ലാ പഞ്ചായത്ത് 30 ലക്ഷവും സംസ്ഥാന സർക്കാർ 54 ലക്ഷവും അനുവദിച്ചിട്ടുള്ളതും മലയോരപഞ്ചായത്തുകളായ മലയാറ്റൂർ, അയ്യമ്പുഴ തുടങ്ങിയ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ആവിഷ്കരിച്ചതുമായ കണ്ണിമംഗലം-പാണ്ടുപാറ കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിലെ കാലതാമസം വിശദമാക്കാമോ;

(എ) ജില്ലാ പഞ്ചായത്തിന്റെ 30 ലക്ഷം രൂപയുടെ ഡെപ്പോസിറ്റ് വർക്കിൽ ഉൾ പ്പെട്ട
1) പമ്പ് സെറ്റ് വിതരണം ചെയ്ത് സ്ഥാപിക്കുന്ന പ്രവൃത്തി എഗ്രിമെന്റ് വെച്ചിട്ടുണ്ട്.
2) പ്രഷർ ഫിൽറ്ററിന്റെ അടിത്തറ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.
3) 100 എം.എം. ജി.ഐ. പൈപ്പ് (പമ്പിംഗ് മെയിൻ) സ്ഥാപിക്കുന്നതിനുള്ള പ്രദേശം വനമേഖലയായതിനാൽ വനം വകുപ്പിന്റെ അനുമതി തേടിയിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് പണി പൂർത്തീകരിക്കുന്നതാണ്.
കേന്ദ്ര സർക്കാർ ധനസഹായത്തോടെ NRDWP-യിൽ 54 ലക്ഷം രൂപയുടെ അനുമതിയിൽ 5 റീച്ചുകളായി വിതരണ ശൃംഖല സ്ഥാപിക്കുന്ന വർക്കാണുള്ളത്.
ഇതിന്റെ 50% വർക്കുകൾ പൂർത്തീകരിച്ചു. ബാക്കിയുള്ള വിതരണ ശൃംഖല വനപ്രദേശത്തു കൂടി കടന്നു പോകേണ്ടതിനാൽ വനം വകുപ്പിന്റെ അനുമതി തേടിയിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പണി പൂർത്തീകരിക്കുന്നതാണ്.

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ വനം വകുപ്പിന്റെ അനുമതി ലഭിച്ചശേഷം മൂന്ന് മാസം കൊണ്ട് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ